പ്രവർത്തിപ്പിക്കാൻവേണ്ടി പ്രവർത്തന മൂലധനമായി 13.7 കോടി രൂപയും അടക്കം ആകെ 30 കോടി രൂപ 2016 ജനുവരിയിൽ അനുവദിച്ച് നൽകി. ആയത് ഉപയോഗിച്ച് ഹാജരികൾ ഇറക്കി പ്രവർത്തിപ്പിക്കാനുള്ള ശ്രമത്തിലാണ് കുടുംബശ്രീ വികസന കോർപ്പറേഷൻ.

(ഇ) സഹകരണ വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ നിയമലംഘനങ്ങൾ നടക്കുന്നത് സംബന്ധിച്ച് പരാതി ലഭിച്ച കേസുകളിൽ ജില്ലാ ലേബർ ഓഫീസർമാരോട് അന്വേഷണം നടത്തി അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സമയബന്ധിതമായി പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് കാഷ്യൂ സ്പെഷ്യൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്.

## നൈറ്റ് വാച്ച്മാൻമാരുടെ ഡ്യൂട്ടി സമയം

218 (919) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൈറ്റ് വാച്ച്മാൻമാരുടെ ഡ്യൂട്ടി സമയം എത്ര മണി മുതൽ എത്രവരെയാണെന്ന് വ്യക്തമാക്കാമോ;

(ബി) കൂടുതൽ സമയം ജോലി ചെയ്യുന്നുണ്ടെങ്കിലും ഇവർക്ക് വാസ്തു ഗ്രേഡ് ജീവനക്കാർക്കുള്ള ശമ്പളവും ആനുകൂല്യങ്ങളും മാത്രമേ ലഭ്യമാകുന്നുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാനുഷിക പരിഗണന നല്കി, ഇവർക്ക് പ്രത്യേക അലവൻസുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വൈകുന്നേരം 5.30 മുതൽ അടുത്ത ദിവസം രാവിലെ 9.30 വരെയാണ് നിർദ്ദിഷ്ട ജോലിസമയമെങ്കിലും ഓഫീസ് അറ്റൻഡന്റുമാർ ഓഫീസിലെത്തി ചുമതലയേൽക്കുന്ന സമയംവരെ പ്രസ്തുത ജീവനക്കാർ സേവനമനുഷ്ഠിക്കേണ്ടതാണ്.

(ബി) നിലവിൽ വാസ്തു ഗ്രേഡ് ജീവനക്കാർക്കുള്ള ശമ്പളവും ആനുകൂല്യവുമാണ് നൈറ്റ് വാച്ച്മാൻമാർക്കും നൽകിവരുന്നത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly